REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 20-10-2025 സമയം 12.30 pm

---

## പ്രധാന വാർത്തകൾ

- **നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ കേരളത്തിൽ. മറ്റന്നാൾ ശബരിമല സന്ദർശിക്കും. സുരക്ഷ ശക്തമാക്കി.**
- **ദീപാവലി ആഘോഷത്തിൽ രാജ്യം. ഐ.എൻ.എസ് വിക്രാന്തിൽ നാവിക സേനാംഗങ്ങൾക്കൊപ്പം ദീപാവലി ആഘോഷിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ഡോക്ടർമാർ OP ബഹിഷ്കരിക്കുന്നു.**
- **ബിഹാർ നിയമസഭയിലേക്ക് രണ്ടാമത്തേയും അവസാനത്തെയും ഘട്ട തിരഞ്ഞെടുപ്പിന് നാമനിർദ്ദേശപ്പത്രിക സമർപ്പിക്കാൻ സമയപരിധി ഇന്നവസാനിക്കും.**
- **ഇന്ന് ലോക സ്ഥിതി വിവരക്കണക്ക് ദിനം.**
- **ഒളിമ്പിക്സ് മാതൃകയിലെ അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും.**

## വാർത്തകൾ വിശദമായി

നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ കേരളത്തിലെത്തും. മറ്റന്നാളാണ് ശബരിമല ദർശനം. 23 ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ അർധകായ പ്രതിമ രാഷ്ട്രപതി അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ

ഗുരു മഹാസമാധി ശതാബ്ദി ആചരണത്തിലും രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെന്റ് തോമസ് കോളജിലും എറണാകുളം സെന്റ് തെരേസാസ് കോളജിലും വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

രാഷ്ട്രപതിയുടെ ശബരിമല സന്ദർശനം പ്രമാണിച്ച് സന്നിധാനത്തും പരിസരത്തും സുരക്ഷ ശക്തമാക്കി. പമ്പ - ശബരിമല പാതയിൽ അപകടഭീഷണിയായി നിന്നിരുന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റി.

പത്തനംതിട്ടയിൽ നിന്ന് ശ്രിജി എസ് ശ്രീധർ...

........വോയ്സ്.......

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ശബരിമല സന്ദർശ നം കണക്കിലെടുത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ സുരക്ഷ വർധിപ്പിച്ചു.

ട്രയലുകൾ എല്ലാ ദിവസവും നടക്കുന്നുണ്ട്.അവധി ദിനങ്ങൾ ആയതിനാൽ ഇന്നും വലിയ തിരക്കാണ് സന്നിധാനത്ത് അനുഭവപ്പെടുന്നത്. നാളെ ചിത്തിര ആട്ട തിരുനാൾ പ്രമാണിച്ചുള്ള പൂജകളും സന്നിധാനത്ത് നടക്കും. 22ന് രാഷ്ട്രപതിയുടെ സന്ദർശനം പ്രമാണിച്ച് തീർഥാടകർക്ക് അന്ന് ദർശനത്തിനു നിയന്ത്രണമുണ്ടാകും.

ഗവർണറും ദേവസ്വം മന്ത്രിയും രാഷ്ട്രപതിക്ക്ഒപ്പം ദർശനം നടത്തുമെന്നാണ് ലഭിക്കുന്ന വിവരം. പമ്പ- ശബരിമല പാതയിൽ അപകടഭീഷണിയായി നിന്നിരുന്ന വൃക്ഷങ്ങൾ എല്ലാം തന്നെ മുറിച്ചു മാറ്റി. സ്വാമി അയ്യപ്പൻ റോഡിലെ മൺകൂനകൾ ഉൾപ്പെടെ നീക്കം ചെയ്തിട്ടുണ്ട്. രാഷ്ട്രപതി വിശ്രമിക്കുന്ന സന്നിധാനം ഗസ്റ്റ് ഹൗസും കേന്ദ്രസേനയുടെ സുരക്ഷയിലാണ്. ദ്രുതകർമസേന, ഡോഗ് സ്ക്വാഡ്, അഡ്വാൻസ് പട്രോളിങ് ടീം, സ്നേക്ക് റെസ്ക്യൂ ടീം തുടങ്ങിയവർ ഉൾവനങ്ങളിലും പാതയിലും സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

✪✪✪

ഐ.എൻ.എസ് വിക്രാന്ത് വെറുമൊരു യുദ്ധക്കപ്പൽ മാത്രമല്ല, 21-ാം നൂറ്റാണ്ടിലെ ഇന്ത്യയുടെ കഠിനാധ്വാനത്തിന്റെയും കഴിവിന്റെയും പ്രതിബദ്ധതയുടെയും തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇത് അതുല്യവും സവിശേഷവുമാണെന്നും അദ്ദേഹം അറിയിച്ചു. ഗോവ, കാർവാർ തീരത്തുള്ള ഐഎൻഎസ് വിക്രാന്തിൽ ധീരരായ നാവിക സേനാംഗങ്ങൾക്കൊപ്പം ദീപാവലി ആഘോഷത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യ ഐഎൻഎസ് വിക്രാന്തിനെ സ്വീകരിച്ച ദിവസം, ഇന്ത്യൻ നാവികസേന കൊളോണിയൽ അടിമത്തത്തിന്റെ ഒരു പ്രധാന ചിഹ്നം ഉപേക്ഷിച്ചുവെന്നും ഛത്രപതി ശിവാജി മഹാരാജിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, നമ്മുടെ നാവികസേന ഒരു പുതിയ പതാക സ്വീകരിച്ചുവെന്നും പ്രധാനമന്ത്രി പറഞ്ഞു. ഐഎൻഎസ് വിക്രാന്തിൽ ഇന്നലെ ചെലവഴിച്ച രാത്രി വാക്കുകൾ കൊണ്ട് വിവരിക്കാൻ പ്രയാസമാണെന്നും നാവിക സേനയിലെ ധീര സൈനികർക്കൊപ്പം ദീപാവലി ആഘോഷിക്കാൻ കഴിഞ്ഞതിൽ ഞാൻ ഭാഗ്യവാനാണ് എന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ദീപാവലി ആഘോഷത്തിൽ രാജ്യം. തിന്മയ്ക്ക് മേൽ നന്മയുടെ വിജയം അടയാളപ്പെടുത്തുന്ന ആഘോഷമാണ് ദീപങ്ങളുടെ ഉത്സവമായ ദീപാവലി. വിളക്കുകൾ തെളിച്ചും വർണ്ണ മനോഹരമായ പടക്കങ്ങൾ പൊട്ടിച്ചും മധുര പലഹാരങ്ങൾ വിതരണം ചെയ്തും രാജ്യത്തുടനീളം ആഘോഷങ്ങൾ നടക്കുകയാണ്. വീടുകളും തെരുവുകളും ദീപങ്ങൾ, മൺചിരാതുകൾ, ആകർഷകമായ ലൈറ്റുകൾ എന്നിവ കൊണ്ട് അലങ്കരിച്ചിട്ടുണ്ട്.

ഐതിഹ്യങ്ങളനുസരിച്ച് ഐശ്വര്യത്തിന്റെ ദേവിയായ മഹാലക്ഷ്മിയുടെ അവതാര ദിനംകൂടിയാണിത്. പാലാഴി മഥന വേളയിൽ അവതരിച്ച ലക്ഷ്മി ദേവിയെ സമ്പത്തിന്റെ അധിദേവതയായാണ് പരിഗണിക്കുന്നത്.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ജനങ്ങൾക്ക് ദീപാവലി ആശംസകൾ നേർന്നു.

ആത്മപരിശോധനയ്ക്കും സ്വയം മെച്ചപ്പെടുത്തലിനുമുള്ള അവസരം കൂടിയാണ് ദീപാവലിയെന്നും സുരക്ഷിതമായും ഉത്തരവാദിത്തത്തോടെയും പരിസ്ഥിതി സൗഹൃദമായും ദീപാവലി ആഘോഷിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

തിന്മയുടെ മേൽ നന്മയുടെയും അജ്ഞതയുടെ മേൽ അറിവിന്റെയും വിജയമായാണ് ദീപാവലി ആഘോഷിക്കുന്നതെന്നും എല്ലാവർക്കും സമാധാനം, സമൃദ്ധി, നല്ല ആരോഗ്യം എന്നീ അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നും ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ആശംസിച്ചു.

ദീപങ്ങളുടെ ഉത്സവം ഓരോ പൗരന്റെയും ജീവിതത്തിൽ ഐക്യം, സന്തോഷം, സമൃദ്ധി എന്നിവയാൽ പ്രകാശിക്കട്ടെയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

മാനവികതയുടെ പ്രകാശം പകർന്നു ദീപാവലി നമുക്കാഘോഷിക്കാമെന്നും സ്നേഹവും സാഹോദര്യവും പുലരട്ടെയെന്നും മുഖ്യമന്ത്രി പിണറായി വിജയൻ ആശംസിച്ചു.

✪✪✪

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ OP ബഹിഷ്കരണം തുടരുന്നു. OP-യോടൊപ്പം അദ്ധ്യയനവും ബഹിഷ്കരിക്കുന്നു ണ്ട്. കേരള ഗവ. മെഡിക്കൽ കോളജ് ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിലാണ് ഒ.പി ബഹിഷ്കരണം.

എന്നാൽ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ അത്യാഹിത വിഭാഗത്തിലും വാർഡുകളിലും സീനിയർ ഡോക്ടർമാർ ഒഴികെയുള്ള ഡോക്ടർമാർ എത്തുന്നുണ്ട്. ശസ്ത്രക്രിയകൾക്കും മുടക്കമില്ല.

ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ഈ മാസം 28 മുതൽ റിലേ സമരം നടത്തുമെന്ന് KGMCTA അറിയിച്ചു.

✪✪✪

ബിഹാർ നിയമസഭയിലേക്ക് രണ്ടാമത്തേയും അവസാനത്തെയും ഘട്ട തിരഞ്ഞെടുപ്പിനു നാമനിർദ്ദേശപ്പത്രിക സമർപ്പിക്കാനുള്ള സമയം ഇന്നവസാനിക്കും. ബിഹാറിലെ 20 ജില്ലകളിലായി 122 നിയമസഭാ മണ്ഡലങ്ങളിലേക്ക്, നവംബർ 11-നാണ് വോട്ടെടുപ്പ്. ഈ മാസം 23 വരെ പത്രിക പിൻവലിക്കാം. ദീപാവലിക്കു ശേഷം രാഷ്ട്രീയ കക്ഷികൾ പ്രചാരണം കൂടുതൽ ശക്തമാക്കും.

✪✪✪

യെമെനിലെ ഏദൻ തീരത്ത് ടാങ്കർ കപ്പലിലുണ്ടായ തീപ്പിടിത്തിൽ അകപ്പെട്ട 23 ഇന്ത്യൻ ജീവനക്കാരെ രക്ഷപ്പെടുത്തി. കാമറൂൺ പതാക വഹിച്ച എം.വി. ഫാൽക്കൺ എന്ന കപ്പലിലാണ് തീപ്പിടുത്തമുണ്ടായത്.

ഏദൻ തീരത്തുനിന്ന് ഏകദേശം 113 നോട്ടിക്കൽ മൈൽ അകലെയാണ് അപടകം. ജിബൂട്ടിയിലേക്ക് പോവുകയായിരുന്നു കപ്പൽ.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26-ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി മൊബൈൽ ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

✪✪✪

ഇന്ന് ലോക സ്ഥിതി വിവരക്കണക്ക് ദിനം. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധം വളർത്താനും ഇതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുമാണ് ഈ ദിനം ലക്ഷ്യമിടുന്നത്. 1973 മുതലാണ് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ദിനാചരണം സംഘടിപ്പിക്കുന്നത്. ഗുണമേന്മയുള്ള സ്ഥിതിവിവരക്കണക്കുകളും വിവരങ്ങളും ഉപയോഗിച്ച് എല്ലാവർക്കും മാറ്റം കൊണ്ടുവരിക' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ഒളിമ്പിക്സ് മാതൃകയിലെ അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. വൈകുന്നേരം നാലിന് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിന് മുന്നോടിയായി കായികതാരങ്ങളുടെ മാർച്ച് പാസ്റ്റ് നടക്കും. 12 വേദികളിലായാണ് കായിക മത്സരങ്ങൾ നടക്കുന്നത്. ഇൻക്ലൂസീവ് സ്പോർട്സിന്റെ ഭാഗമായി 1944 കായിക താരങ്ങൾ അടക്കം ഇരുപതിനായിരത്തിലധികം താരങ്ങൾ പങ്കെടുക്കും. കായികമേള ഈ മാസം 28ന് സമാപിക്കും.

✪✪✪

നാളെ ആരംഭിക്കുന്ന സ്കൂൾ കായികമേളയുടെ പ്രചാരണാർത്ഥം തിരുവനന്തപുരത്തു കൂട്ടയോട്ടം സംഘടിപ്പിച്ചു. മന്ത്രി V ശിവൻകുട്ടി ഫ്ളാഗ് ഓഫ് ചെയ്തു.

✪✪✪

അണ്ടർ-20 ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ അർജന്റീനയെ തകർത്ത് മൊറോക്കോ ചാമ്പ്യന്മാർ. ചിലിയിലെ സാന്തിയാഗോയിൽ നടന്ന മത്സരത്തിൽ അർജന്റീനയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് പരാജയപ്പെടുത്തിയത്. ചരിത്രത്തിലാദ്യമായാണ് മൊറോക്കോ അണ്ടർ-20 ലോകകപ്പ് നേടുന്നത്.

✪✪✪

ചാത്തന്നൂർ Hss ൽ സമാപിച്ച റവന്യൂ ജില്ലാ സ്കൂൾ കായികമേളയിൽ കഴിഞ്ഞ വർഷം നഷ്ടപ്പെട്ട കിരീടം തിരിച്ചുപിടിച്ച് എടപ്പാൾ ഉപജില്ല ജേതാക്കളായി. 351 പോയിന്റുമായാണ് എടപ്പാൾ ഉപജില്ല ഓവറോൾ കിരീടം തിരിച്ചുപിടിച്ചത്. തിരൂർ ഉപജില്ലയാണ് രണ്ടാമത്.

✪✪✪

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സംസ്ഥാനതല കായിക മേളയായ കളിക്കളം 2025 ഇന്ന് സമാപിക്കും.

വൈകീട്ട് മൂന്നിന് കാര്യവട്ടം L.N.C.P.E സ്റ്റേഡിയത്തിൽ സമാപന സമ്മേളനം മന്ത്രി OR കേളു ഉദ്ഘാടനം ചെയ്യും.

✪✪✪

കാസർകോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കല്ലളിയിൽ ഗവൺമെന്റ് ഉടമസ്ഥതയിലെ ഏറ്റവും വലിയ ഹൈടെക് ആട് ഫാം ഈ മാസം 30ന് മന്ത്രി ജെ. ചിഞ്ചു റാണി നാടിന് സമർപ്പിക്കും.

കാസർകോട്ട് നിന്ന് പി. ജഗന്നിവാസൻ.....

........വോയ്സ്........

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന്  കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പലയിടത്തും ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ട്.

എറണാകുളം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

മുക്കം മുസ്‌ലിം ഓർഫനേജ് കമ്മറ്റി പ്രസിഡന്റ് വി.മരക്കാർ ഹാജി നിര്യാതനായി. 74 വയസ്സായിരുന്നു. ഖബറടക്കം വൈകീട്ട് നാലിന് തണ്ണീർ പൊയിൽ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടക്കും.

✪✪✪

പുനർനിർമിച്ച കോടഞ്ചേരി പറപ്പറ്റ പാലം വൈകീട്ട് മന്ത്രി MB രാജേഷ് നാടിന് സമർപ്പിക്കും. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ 3 കോടി രൂപ അനുവദിച്ചാണ് 2018 ലെ പ്രളയത്തിൽ തകർന്ന പറപ്പറ്റ പാലം പുനർനിർമിച്ചത്.

✪✪✪

*News Editor : ശ്രുതി എം*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs: നിഷിത കുമാരി*
*DEO : സി കെ സുബോധ്*